24/05/2025

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Haripriya Devi VV (I/C)   Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/05/2025

1. കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുല്പാദന ശേഷിയുള്ള ഇഞ്ചി (വരദ), മഞ്ഞൾ (പ്രഗതി) വിത്തുകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ: 8547675124.

2. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന അഗ്രിക്കൾച്ചറൽ സയൻസസ്, ഓർഗാനിക് അഗ്രിക്കൾച്ചർ എന്നീ രണ്ടു ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിലേക്ക് 2025-26 അധ്യയന വർഷത്തേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ഓൺലൈനായി 18/06/2025 തിയ്യതി വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതി (2025-26) യുടെ വിവിധ ഘടക പദ്ധതികളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ശാസ്ത്രീയ ശുദ്ധജല മത്സ്യകൃഷി (തിലാപ്പിയ, അസ്സാംവാള, വരാൽ, അനബാസ്, കാർപ്പ്, പാക്കു മത്സ്യങ്ങൾ), സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, ഒരു നെല്ലും ഒരു മീനും പദ്ധതി, പടുതാകുളങ്ങളിലെ മത്സ്യകൃഷി (വരാൽ, അസ്സാം വാള, അനബാസ്), റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (തിലാപ്പിയ, അനബാസ്), ബയോഫ്ളോക് (തിലാപ്പിയ, വനാമി), കൂട് മത്സ്യകൃഷി (തിലാപ്പിയ, കരിമീൻ), കുളങ്ങളിലെ പൂമീൻ കൃഷി, കുളങ്ങളിലെ കരിമീൻ കൃഷി, കുളങ്ങളിലെ വനാമി കൃഷി, കുളങ്ങളിലെ ചെമ്മീൻ കൃഷി, ഒരു നെല്ലും ഒരു ചെമ്മീനും പദ്ധതി, പിന്നാമ്പുറ കുളങ്ങളിലെ മത്സ്യവിത്ത് ഉൽപ്പാദനം (കരിമീൻ, വരാൽ), പുഴകളിലേയും ആറുകളിലേയും പെൻകൾച്ചർ, എംബാങ്ക്മെൻ്റ് മത്സ്യക്കൃഷി എന്നിവയാണ് വിവിധ ഘടക പദ്ധതികൾ. എല്ലാ പദ്ധതികളുടെയും നിശ്ചിത മാതൃക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യിലുള്ള അപേക്ഷകൾ ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാഫീസിലും, മത്സ്യഭവനുകളിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം മേയ് 31 ന് വൈകുന്നേരം 5 മണി വരെ ബന്ധപ്പെട്ട ഓഫീസുകളിൽ സ്വീകരിക്കുന്നതാണ്. ഫോൺ നമ്പർ: 0477 2252814, 0477 2251103.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിൽ **"കേക്ക് നിർമ്മാണം"** എന്ന വിഷയത്തിൽ **2 ദിവസത്തെ** പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ കേക്ക് എങ്ങനെ ഉണ്ടാക്കാം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം എന്നീ കാര്യങ്ങളിൽ സാങ്കേതിക പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് ₹1,100/- രൂപ. താല്പര്യമുള്ളവർ **2025 മെയ് 31** -നു മുമ്പായി (10 മണിക്കും 4 മണിക്കും ഇടയിൽ) ബന്ധപ്പെടുക - 0487-2370773, 8547070773.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കൂൺ കൃഷി"എന്ന വിഷയത്തിൽ 2025 മേയ് 24ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ വിളിക്കുക.

6. കാർഷിക നിർദേശം - കാലവർഷസമയത്ത് ജാതിതോട്ടങ്ങളിൽ ക്രമാതീതമായി ഇലകൊഴിച്ചിൽ കണ്ടുവരാറുണ്ട്. ഇതിന് മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കാവുന്നതാണ്. കോപ്പർ ഓക്സി ക്ലോറൈഡ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന കണക്കിൽ നേർപ്പിച്ച് തളിക്കുന്നതും മരത്തിന് ചുവട്ടിൽ മണ്ണ് കുതിർക്കെ ഒഴിച്ചുകൊടുക്കുന്നതും ഈ രോഗം നിയന്ത്രിക്കാൻ സഹായിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. **കാർഷിക നിർദേശം** – കുരുമുളകിലെ ദ്രുതവാട്ടരോഗത്തെ പ്രതിരോധിക്കാനായി രണ്ടുകിലോ ട്രൈക്കോഡർമ, 90 കിലോചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ചത്തേക്ക് വെക്കുക. അതിനുശേഷം മിശ്രിതത്തിൽനിന്ന് 2.5 കിലോവീതം ഓരോ വലിയ കുരുമുളക്ചെടിക്ക്ചുവട്ടിലും ഇട്ടുകൊടുക്കുക.

**മൃദുരോമപൂപ്പ്** - വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾരോഗംകാണാനിടയുണ്ട്. പ്രതിവിധിയായി 2.5ഗ്രാം മാങ്കോസെബ് 1ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കിതളിക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം